"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഫിഷറീസ്- അഡാക്ക് മുഖേന വിതരണം ചെയ്യുന്ന മത്സ്യ കുഞ്ഞുങ്ങളുടെ വില - പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

---

**മൽസ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.28/2022/മ.തു.വ തീയതി,തിരുവനന്തപുരം, 15/01/2022

---

പരാമർശം:-

1. 2/09/2017 തീയതിയിലെ സ. ഉ.(സാധാ) നം. 686/2017/മ.തു.വ. നമ്പർ സർക്കാർ ഉത്തരവ്
2. ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ 30/10/2021 ലെ DFTVM/2861/2021- C2 നമ്പർ കത്ത്.
3. 20/12/2021 തീയതിയിലെ സ. ഉ.(സാധാ) നം. 754/2021/മ.തു.വ. നമ്പർ സർക്കാർ ഉത്തരവ്
4. ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ 10/01/2022 ലെ DFTVM/2861/2021- C2 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ അക്വാകൾച്ചർ വികസനത്തിനായി ഫിഷറീസ് വകുപ്പിന് കീഴിൽ രൂപീകൃതമായിട്ടുള്ള അഡാക്കിനെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഹാച്ചറികളിൽ നിന്നും മത്സ്യകുഞ്ഞുങ്ങളെ സംഭരിക്കുന്നതിനും മത്സ്യകൃഷിക്കായി വിതരണം ചെയ്യുന്നതിനും പരാമർശം 1 ലെ ഉത്തരവു പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനായി നിശ്ചയിച്ചിട്ടുള്ള നിരക്കുകൾ നിലവിലുള്ള സാഹചര്യത്തിൽ പുതുക്കി നിശ്ചയിക്കണമെന്ന് പരാമർശം 2 ലെ കത്ത് പ്രകാരം ഫിഷറീസ് വകുപ്പ് ഡയറക്ടർ നിർദ്ദേശിക്കുകയുണ്ടായി. നിലവിലെ നിരക്കുകൾ, മത്സ്യകുഞ്ഞുങ്ങളെ സുരക്ഷിത പാക്കറ്റുകളായും, വിതരണം ചെയ്യുന്നതിനുള്ള ചിലവുകളും ഒഴികെയുള്ള നിരക്കായാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളതെന്നും ശുപാർശ ചെയ്യുന്ന പുതുക്കിയ നിരക്കുകൾ ഇത്തരം ചിലവുകൾ ഉൾപ്പെടെ നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനാലും യുക്തിസഹമാണെന്നും ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അഡാക്ക് മുഖേന വിതരണം ചെയ്യുന്ന വിവിധ ഇനത്തിലുള്ള മത്സ്യകുഞ്ഞുങ്ങളുടെ വില താഴെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു. ടി നിരക്കുകൾ മത്സ്യകുഞ്ഞുങ്ങളെ സുരക്ഷിത പാക്കറ്റുകളായും, വിതരണം ചെയ്യുന്നതിനുമുള്ള ചിലവുകളും ഉൾപ്പെടെയുള്ള നിരക്കായാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളതെന്നും വ്യവസ്ഥ ചെയ്യുന്നു.

| Sl. No | Species | Size | Quantity | **Revised rate of fish seed proposed by ADAK including transportation and packing (Rs)** |
|---|---|---|---|---|
| (1) | (2) | (3) | (4) | (7) |
| 1 | Catla | spawn | 1 lakh | 3050/- |
| | | 40-60mm | 100 Nos. | 65/- |
| | | 80-100mm | 100 Nos. | 160/- |
| 2 | Rohu | spawn | 1 lakh | 3050/- |
| | | 40-60mm | 100 Nos. | 65/- |
| | | 80-100mm | 100 Nos. | 160/- |

| | | | | |
|---|---|---|---|---|
| | | spawn | 1 lakh | 3050/- |
| 3 | Mrigal | 40-60mm | 100 Nos. | 60/- |
| | | 80-100mm | 100 Nos | 160/- |
| | | spawn | 1 lakh | 3575/- |
| | | 40-60mm | 100 Nos. | 76/- |
| 4 | Grass carp | 80-100mm | 100 Nos. | 160/- |
| 5 | Common Carp | 40-60mm | 100 Nos. | 60/- |
| | | 80-100mm | 100 Nos. | 160/- |
| 6 | Pearlspot | 25-40mm | 100 Nos. | 800/- |
| | | 40-60mm | 100 Nos. | 1380/- |
| 7 | Nile Tilapia | 25-30mm | 100 Nos. | 300/- |
| | (GIFT/ Chithralada etc) | 40-50mm | 100 Nos. | 420/- |
| | | 25-40mm | 100 Nos. | 200/- |
| | | 40-80mm | 100 Nos. | 280/- |
| 8 | Pangassius | 80-100mm | 100 Nos. | 380/- |
| | | 25-40mm | 100 Nos. | 270/- |
| 9 | Kallemutti | 40-60mm | 100 Nos. | 330/- |
| 10 | Kaari | 40-80mm | 100 Nos. | 720/- |
| 11 | Murrel | 60-80mm | 100 Nos. | 970/- |
| 12 | Vannemei | PL-20 | 100 Nos. | 40/- |

2) പരാമർശം 3 പ്രകാരമുള്ള ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമേഷ്.റ്റി
അഡിഷണൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്) കേരള, തിരുവനന്തപുരം

ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

20/12/2021 തീയതിയിലെ സ. ഉ.(സാധാ) നം. 754/2021/മ.ഇ.വ. നമ്പർ തീർപ്പ് ഫയലിലേയ്ക്ക്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sabitha Sadasivan
Date: 15-01-2022 12:47:38
Reason: Approved

സെക്ഷൻ ഓഫീസർ